വൈശികം

സി. അന്തൂപ്

വൈശികം

സി. അനൂപ്

(മലയാളം: കഥ)

© 2021 Author

Extracted from Sayahna version.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Jellett Abstract, an Abstract Composition, 1935, oil on canvas, 119.5 x 96.9 cm by Mainie Jellett. The image is taken from Wikimedia Commons and is gratefully acknowledged.

വൈശികം

നാം ഇപ്പോൾ നടക്കുന്നത് അപ്പൂപ്പൻകോവിൽ റോഡിലൂടെയാണ്. ശിവൻ പറഞ്ഞതനുസരിച്ചാണെങ്കിൽ ഈ വഴിയുടെ അവസാനമാണ് എലീനയുടെ വീട്. അവൻ പറഞ്ഞ സമയമാകാൻ ഇനിയും ഇരുപത്തൊന്നു മിനിട്ടു ബാക്കിയാണ്. അതിനിടെ ചെയ്യാവുന്നതെന്തെന്നാണ് നാം ഇപ്പോൾ ആലോചിക്കേണ്ടത്. അടുത്ത വഴിയിലൂടെ നടന്നാൽ ഒരു ചാരായഷാപ്പുണ്ടെന്ന് അനുമാനിക്കാം. (ഇത് സാമാന്യയുക്തികൊണ്ട് ഞാൻ മനസ്സിലാക്കിയതാണ്. ആ വഴിയിലൂടെ വേച്ചുവേച്ച ചുവടുകളോടെ ഒരു വൃദ്ധൻ നടന്നുവരുന്നതു കാണാം.)

സുൽഫിക്കറിന് അപ്പോൾ ആ വഴി പോകാൻ അല്പവും താൽപര്യമുണ്ടായിരുന്നില്ല. അവൻ അങ്ങനെയാണ്. ഒന്നു മനസ്സിൽ കരുതിയാൽ അതു നടപ്പാകുംവരെ അവന് മറ്റൊന്നിൽ ശ്രദ്ധിക്കാനാവില്ല. ഇപ്പോൾ അവന്റെ മനസ്സിൽ എലീന എന്ന മുപ്പത്തൊന്നുകാരി മാത്രമേയുള്ളൂ.

ശിവൻ പറഞ്ഞ വശ്യസൗന്ദര്യമുറ്റ അവൾ മാത്രമായിരുന്നു അവന്റെ ഗന്ധത്തിലും സ്പർശത്തിലുമെല്ലാം.

വഴിവിളക്കുകളുടെ മങ്ങിയ വെളിച്ചത്തിലൂടെ മദ്യലഹരിയിൽ വൃദ്ധൻ ആരെയൊക്കെയോ ശപിച്ചും ശകാരിച്ചും ഞങ്ങളെ കടന്നു പോയി. അയാൾ പോയിക്കഴിഞ്ഞപ്പോൾ വഴി വിജനമായി. ഞാനും സുൽഫിക്കറും അല്പനേരം തർക്കിച്ച് വൃദ്ധൻ നടന്നുവന്ന വഴിയുടെ തുടക്കത്തിൽ നിന്നു. ഒടുവിൽ എനിക്കൊപ്പം സുൽഫിക്കറും നടന്നു.

ഷാപ്പുമുറികളിലൊക്കെയും അനിയന്ത്രിതമായ വാചാലത ഉയർന്നു കേൾക്കാം. ഒരിരിപ്പിടമില്ലാതെ നിൽക്കെ കറുത്തുകുറിയ ഒരാൾ ഞങ്ങളെ ഒരിടുങ്ങിയ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. സുൽഫിക്കർ തീർത്തും നിശ്ശബ്ദനായിരുന്നു. അവൻ പുറത്തേക്കു പോകാൻ തിടുക്കംകൂട്ടി. ഷാപ്പുവിട്ടിറങ്ങി നടക്കെ വേണ്ടിയിരുന്നില്ല, വേണ്ടിയിരുന്നില്ല എന്നു സുൽഫിക്കർ പതുക്കെ പറയുന്നുണ്ടായിരുന്നു. ഞാൻ തീപ്പെട്ടിയുരച്ച് വഴിയുറപ്പിക്കുമ്പോൾ സുൽഫിക്കർ പതുക്കെ പറഞ്ഞു: "ഇപ്പോൾ അവൾ ഉറങ്ങിയിട്ടുണ്ടാകും."

ദൂരെനിന്നും ഒരു സൈക്കിൾ കടന്നുവരുന്നു. ആരോ രണ്ടുപേർ എന്തൊക്കെയോ രഹസ്യംകണക്കെ സംസാരിക്കുന്നുണ്ട്. "നമുക്കവരോട് വഴി ചോദിച്ചാലോ?" ഞാൻ സുൽഫിക്കറോടു ചോദിച്ചു. തെല്ലുഭയപ്പാടോടെ അവൻ "വേണ്ട, വല്ല ജാരന്മാരുമാകും" എന്നുത്തരം പറഞ്ഞു. ശരിയാണ്. ജാരന്മാരാണെങ്കിലും അല്ലെങ്കിലും അവരോടു വഴി ചോദിക്കുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നത് അപകടമാണ്. ഇത്തരം കാര്യങ്ങൾ മറ്റാരും

അറിയാൻ പാടില്ല. നഗരത്തിലെ സുപ്രധാനമായ രണ്ടു വിദ്യാർത്ഥിസംഘടനകളുടെ നേതാക്കളാണ് ഞങ്ങൾ. രണ്ടു സംഘടനകളിലാണെങ്കിലും ഞങ്ങൾ ഹോസ്റ്റലിൽ ഒരേ മുറിയിലാണ്. ഞാനും സുൽഫിക്കറും അതീവസൗഹൃദത്തിലുമാണ്. കുറ്റങ്ങളും കുറവുകളുമറിഞ്ഞ് തമ്മിൽ സ്നേഹിക്കുന്നതുകൊണ്ടേ കാര്യമുള്ളൂ എന്ന് പല രാത്രിസംഭാഷണങ്ങളിലും അവൻ പറഞ്ഞിട്ടുള്ളത് ഞാനോർത്തു.

ശിവൻ ഞങ്ങളുടെ പൊതുസുഹൃത്താണ്. മലയാളചെറുകഥയിൽ ഗവേഷണംനടത്തുന്ന അവൻ എലീനയെ സന്ദർശിച്ചിട്ടില്ല. പക്ഷേ, അവനൊപ്പം ഗവേഷണംനടത്തുന്ന ഒരാൾ എലീനയുടെ ഗന്ധമറിഞ്ഞിട്ടുണ്ട്. ഒരു രാത്രി വിദ്യാർത്ഥിസമ്മേളനത്തിനു പോസ്റ്റർ തയ്യാറാക്കിക്കൊണ്ടിരിക്കെയാണ് എന്നോടും സുൽഫിക്കറിനോടും ശിവൻ എലീനയെക്കുറിച്ച് പറഞ്ഞത്. അപ്പോൾത്തന്നെ എന്റെ കണ്ണിലേക്ക് സുൽഫിക്കർ രൂക്ഷമായി നോക്കുന്നത് ഞാൻ ശ്രദ്ധിച്ചു.

ഇതുവരെ രഹസ്യമായി വല്ലപ്പോഴും മദ്യപിക്കാൻ പോകുകയേ ഉണ്ടായിരുന്നുള്ളൂ. ചോളബാറിന്റെ അരണ്ട വെളിച്ചത്തിലിരുന്ന് ഞങ്ങൾ ഒരിക്കൽപ്പോലും രാഷ്ട്രീയകാര്യങ്ങൾ സംസാരിച്ചിരുന്നില്ല. പ്രണയം, സാഹിത്യം, സിനിമ, സംസ്കാരം–ഇവയെക്കുറിച്ചൊക്കെ സുൽഫിക്കർ വാചാലനാകുന്നത് ചോളയുടെ തണുപ്പിലിരുന്നാണ്. ശിവൻ എലീനയെക്കുറിച്ചു പറഞ്ഞതിന്റെ പിറ്റേന്ന് സുൽഫിക്കർ നിർബ്ബന്ധിച്ചിട്ടാണ് ഇറങ്ങിപ്പുറപ്പെട്ടത്. ഒടുവിൽ ലക്കുകെട്ട് തിരിച്ചുവന്ന്

ഇടനാഴിയുടെ ഇരുട്ടും പിന്നിട്ട് മുന്നൂറ്റിപ്പത്തൊൻപതാം നമ്പർ മുറി തുറക്കുമ്പോൾ സുൽഫിക്കർ ഒരാവേശത്തോടെ പറഞ്ഞു “നമുക്ക് നാളെ എന്തായാലും പോകാം.” മറുപടി പറയാതിരുന്നപ്പോൾ എനിക്കും സമ്മതമാണെന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ടാവണം.

നടന്നുനടന്ന് ശിവൻ പറഞ്ഞതുപോലെയുള്ള വീടിനു മുന്നിലെത്തി. ഇറയത്ത് വെളിച്ചമുണ്ടായിരുന്നില്ല. അകമുറിയുടെ ജനൽച്ചെരിവിൽ മെഴുകുതിരിവെളിച്ചത്തിലിരുന്ന് ഒരു കുട്ടി നഴ്സറി റൈംസ് താളബദ്ധമായി വായിക്കുന്നു.

“ഇതാവാനിടയില്ല.” ഞാൻ പറഞ്ഞു.

“നിനക്കെങ്ങനെ അറിയാം?” സുൽഫിക്കർ അക്ഷമനായി. അവന്റെ കാഴ്ച നാലുപാടും എലീനയുടെ വീടു തിരഞ്ഞു.

ഒരു വൃദ്ധ വാതിൽക്കലുണ്ടാകും, പ്രത്യേകിച്ച് സന്ധ്യയായാൽ. അവരുടെ അനുവാദമാണ് ആദ്യം വേണ്ടത്. അമിതമായി തടിയുള്ളവരേയും തീരെ മെലിഞ്ഞവരേയും വികലാംഗരേയും വായ്നാറ്റമുള്ളവരേയും വൃത്തിഹീനമായി വസ്ത്രം ധരിച്ചവരേയുമൊക്കെ വൃദ്ധ അനുനയപൂർവ്വം തിരിച്ചയയ്ക്കുമെന്നാണ് ശിവനിൽനിന്നും അറിയാനായത്. വൃദ്ധയുടെ ചതുരമായ ഇടപെടലിന് മുന്നിൽ ആരും തർക്കിക്കാറില്ല. എത്രയായാലും തിരിച്ചുപോകില്ലെന്ന് തോന്നുന്നതുവരെ വൃദ്ധതന്നെ ചില പൊടിക്കൈകൾ പ്രയാഗിച്ച് സംതൃപ്തരാക്കി തിരിച്ചയയ്ക്കും.

ഞാനും സുൽഫിക്കറും അടുത്ത വീടിന്റെ മതിൽത്തുറസ്സിലേക്കു ചെന്നു. അവിടെ ഞങ്ങൾ പ്രതീക്ഷിച്ച വൃദ്ധയെ കാണാനായില്ല. ക്ഷീണിതനായ

ഒരാൾ കയറ്റുകട്ടിലിൽ കിടന്ന് ശ്വാസമെടുക്കാൻ പണിപ്പെടുന്നു. അയാൾക്കരികെ ഭാര്യയാകാം, ഒരു സ്ത്രീ സ്പൂണിൽ കഞ്ഞി കോരി നാവിലേക്കു പകരുന്നു. അയാൾ അവയൊന്നാകെ പുറത്തേക്കു തുപ്പുന്നു. അവർ വീണ്ടും സ്നേഹപൂർവ്വം അയാളുടെ ചുണ്ടിലേക്ക് ഏതോ പാനീയം പകരുന്നു. സുൽഫിക്കർ ആ കാഴ്ച കണ്ട് നിശ്ശബ്ദനായിനിന്നു. "എടാ, ഇതല്ല വീട്. ഈ നേരത്ത് ശിവൻ പറഞ്ഞ വൃദ്ധ മുറ്റത്തുണ്ടാവേണ്ടതല്ലേ?"

സുൽഫിക്കർ തീർത്തും അസ്വസ്ഥനായി കാണപ്പെട്ടു. അവൻ അസഹിഷ്ണുതയോടെ പറഞ്ഞു. "നീ വെറുതെ നേരം കളഞ്ഞു. ശിവൻ പറഞ്ഞ സമയം എപ്പോഴേ കഴിഞ്ഞിരിക്കുന്നു. നിന്റെയൊരു..."

ഞാൻ മറുപടി പറഞ്ഞില്ല.

സുർഫിക്കർ തുടർന്നു: നമുക്ക് ഉറപ്പായിട്ടും വഴി തെറ്റിയിരിക്കുന്നു. അപ്പൂപ്പൻകോവിൽ റോഡിലെ എലീനയുടെ വീട്ടിലേക്കുള്ള വഴി ഇതാവില്ല."

"നമുക്കു നോക്കാം." ഞാൻ ശുഭാപ്തിവിശ്വാസത്തോടെ പറഞ്ഞു.

സുൽഫിക്കർ ഒരു സിഗരറ്റെടുത്തു കൊളുത്തി.

"റബ്ബേ!" സുൽഫിക്കറാണ് ആ കാഴ്ച ആദ്യം കണ്ടത്. വിമാനത്താവളത്തിലേക്കുള്ള വഴിയിലൂടെ ഒരു കാർ ഞങ്ങൾക്കെതിരെയുള്ള തിരിവു പിന്നിട്ടു വരുന്നു. ഞങ്ങൾ പെട്ടന്നനെ കണ്ട ഒരിടവഴിയിലൂടെ ഇരുട്ടിലേക്കു നടന്നുമാറി. ഇതിനിടെ സുൽഫിക്കർ രഹസ്യം പറയുംപോലെ പറഞ്ഞു: "ആ കാറിൽ ഒരുപക്ഷെ, അവളാവും."

ഞങ്ങൾ ഇപ്പോൾ ഇടവഴിയുടെ പകുതിയിലായിരിക്കുന്നു. കാറിന്റെ ഹെഡ്ലൈറ്റ് വെളിച്ചം ഞങ്ങളേയും കടന്ന് അതിർപ്പടർപ്പിലൂടെ മിന്നിയൊഴിഞ്ഞു. കാർ ഒരു ഇരുനിലവീടിന്റെ മുന്നിൽ ചെന്നു നിന്നു. ഞങ്ങൾ തൊട്ടടുത്തു കണ്ട മരനിഴലിലേക്കു മാറി. കാർ വീട്ടുമുഖത്തു നിന്നപ്പോൾത്തന്നെ ഇരുട്ടു പടർന്നുനിന്ന അവിടമാകെ വെളിച്ചം നിറഞ്ഞു. മുൻവാതിൽ തുറന്ന് വൃദ്ധയായ ഒരു സ്ത്രീ പുറത്തേക്കു വന്നു. അവർ വെളുത്ത വസ്ത്രം ധരിച്ചിരുന്നു. ഡോർ തുറന്ന് വളകിലുക്കവും തീക്ഷ്ണഗന്ധവും വഹിച്ച് ഒരുവൾ പുറത്തിറങ്ങി. വെളിച്ചത്തിൽ അവളുടെ വസ്ത്രധോരണി കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു.

“ഓ! പനിനീർപ്പൂവിന്റെ സുഗന്ധം!” സുൽഫിക്കർ ഒരാവേശത്തോടെയാണ് അങ്ങനെ പറഞ്ഞത്.

പരസ്പരം യാത്രപറഞ്ഞശേഷം കാർ റിവേഴ്സിൽ പോകുമ്പോൾ സുൽഫിക്കർ അദ്ഭുതംകലർന്ന സ്വരത്തിൽ പറഞ്ഞു

“അത് നമ്മൾടെ അഗസ്റ്റിനല്ലേ?”

“ഏത് അഗസ്റ്റിൻ?” ഞാൻ ചോദിച്ചു.

“സ്വർണ്ണം.” സുൽഫിക്കർ മറുപടി പറഞ്ഞു.

നഗരത്തിലെ പ്രമുഖ സ്വർണ്ണവ്യാപാരിയുടെ മകനാണ് അഗസ്റ്റിൻ. ഞങ്ങളുടെ സുഹൃത്ത്. ഞങ്ങൾക്കു മുന്നിലെത്തിയ അഗസ്റ്റിന്റെ കാറിനുള്ളിൽനിന്നും അപ്പാഷെ ഇന്ത്യൻ കേൾക്കാം. അഗസ്റ്റിന്റെ മുഖം മറച്ചുകൊണ്ട് ചില്ലുജാലകമുയർന്നു. കാർ അതിവേഗം പുറംവഴിയിലേക്കു പോയി.

“ഇത് എലീനയുടെ വീടാവില്ല. വേറേതെങ്കിലും...” ഞാൻ പറഞ്ഞു മുഴുക്കുംമുമ്പ് സുൽഫിക്കർ ഗേറ്റിന്റെ ചെരിവിലുള്ള പേരു വായിക്കാൻ തുടങ്ങി. കറുത്ത പിൻനിറത്തിനു നടുവേ വെള്ള അക്ഷരം. ഇരുട്ടിൽ സുൽഫിക്കർ അതു വായിച്ചെടുത്തു. എലീന. എം. എസ്സി., ബി. എഡ്. സോഷ്യൽ വർക്കർ. ഇനി സന്ദേഹത്തിനിടയില്ലല്ലോ എന്ന മട്ടിൽ സുൽഫിക്കർ അകത്തേക്കു നടക്കാൻ തുടങ്ങി. അത്രനേരം തെല്ലും അസ്വസ്ഥത തോന്നാതിരുന്ന എന്നിൽ എന്തെന്നില്ലാത്ത ഒരവസ്ഥ വന്നുനിറഞ്ഞു. തിരിച്ചുപോകാമെന്നു പറഞ്ഞാൽ സുൽഫിക്കർ വരില്ല. ലക്ഷ്യം സാധിക്കാതെ പോയാൽ അവനിന്ന് ഉറക്കമുണ്ടാവില്ല. ഈ ശനിക്കിറങ്ങിപ്പുറപ്പെടേണ്ടിയിരുന്നില്ലെന്ന് മനസ്സിൽ തൊന്നിയെങ്കിലും സുൽഫിക്കറിനോടു ഞാനതു പറഞ്ഞില്ല.

വൃദ്ധ വീടിനു മുന്നിലെ മെഴുക്കുനിറമുള്ള കസേരയിൽ വന്നിരുന്നു. അവർ ആദ്യം ആകാശത്തേക്കും പിന്നെ ഭൂമിയിലേക്കും നോക്കി. കൈവിരലുകൾ ഞെരിച്ചു കോട്ടുവായിട്ടു. വെറ്റിലയിൽ ചുണ്ണാമ്പുതേച്ച് മുറുക്കാൻ തുടങ്ങുംമുമ്പ് അവർ പുറംവാതിലിലേക്ക് അലക്ഷ്യമായി നോക്കി.

ഇവിടെനിന്നു നോക്കിയാൽ വൃദ്ധയ്ക്കു പിന്നിൽ ജാലകങ്ങൾക്കകമേ നിഴലനക്കം കാണാം. അമർത്തിപ്പിടിച്ച സംസാരവും ചിരിയും കേൾക്കാം. വൃദ്ധ കസേരയിൽ ചാഞ്ഞുകിടന്ന് നാലുംകൂട്ടി മുറുക്കി ഇമ്പത്തിൽ പുറത്തേക്കു തുപ്പി. അവരുടെ കാതിലെ

തോടയുടെ തിളക്കം വിശറിയുടെ താളത്തിനൊപ്പം ചലിച്ചുകൊണ്ടിരുന്നു.

ഞങ്ങൾ വൃദ്ധയ്ക്കരികിലേക്കു നടന്നു. “നമ്മൾ എങ്ങനെ തുടങ്ങും?” ഞാൻ സന്ദേഹത്തോടെ സുൽഫിക്കറോടു ചോദിച്ചു.

“എന്റെകൂടെ വാ. ഒക്കെ ഞാൻ സംസാരിക്കാം.” സുൽഫിക്കർ അല്പം സ്വരമുയർത്തി പറഞ്ഞു.

എനിക്ക് അവന്റെ വഴിയേ പോകുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. അവന്റെ ഞരമ്പുകൾക്ക് തീപിടിച്ചിരിക്കുകയാണ്.

കൈയെത്തി ഇരുമ്പുഗേറ്റിന്റെ അകക്കൊളുത്തെടുത്ത് ഞങ്ങൾ വീട്ടുമുറ്റത്തേക്കു കടന്നു. വൃദ്ധയ്ക്കരികെ ഞങ്ങൾ നിശ്ശബ്ദരായി നിന്നു. സുൽഫിക്കർ ചെറുകെ ചുമച്ചപ്പോൾ വൃദ്ധ പെട്ടെന്ന് എണീറ്റിരുന്നു. അവർ വലിയ ടോർച്ചെടുത്ത് ഞങ്ങളുടെ മുഖത്തേക്കു തെളിച്ചു. ‘[illegible]!’ സുൽഫിക്കർ പ്രതിഷേധിച്ചു. വൃദ്ധ എന്നെയും വിട്ടില്ല. അവർ മുഖത്തേക്ക് ടോർച്ചു തെളിച്ചുകൊണ്ടു പറഞ്ഞത് എന്നെ വല്ലാതെ ജാള്യപ്പെടുത്തി:

“കൊച്ചുപയ്യൻ.”

വൃദ്ധ ഞങ്ങളെ അകത്തേക്കു ക്ഷണിച്ചു. സംഭ്രമം വിട്ടുമാറാതെയാണ് ഞാൻ അവർക്കരികെ ഇരുന്നത്. വൃദ്ധ സ്വരം താഴ്ത്തി അഭിമുഖമാരംഭിച്ചു:

“എവിടുന്നാ?” വൃദ്ധ ചോദിച്ചു.

“സിറ്റീന്ന്.” ഗൗരവത്തിൽത്തന്നെ ഞാൻ മറുപടി പറഞ്ഞു.

“അതല്ല ചോദിച്ചത്. നിങ്ങൾടെ സ്വദേശം?”–വൃദ്ധ.

“അങ്ങ് മാവേലിക്കരെ.” ഞാൻ മറുപടി പറഞ്ഞു.

“രണ്ടുപേരും?”–വൃദ്ധ.

“അതെ”–ഞാൻ.

“ഇവിടെന്തുചെയ്യുന്നു?” വൃദ്ധ ചോദ്യങ്ങളാവർത്തിച്ചു.

“മെഡിക്കൽ റപ്രസെന്റേറ്റിവ്സാ.” ഞാൻ ആദ്യമായി വൃദ്ധയോടു നുണ പറയാൻ തുടങ്ങി. ഇതുപോലുള്ള അവസരങ്ങളിൽ സത്യം പറയുന്നത് നല്ലതല്ലെന്ന് പുറപ്പെട്ടപ്പോൾത്തന്നെ സുൽഫിക്കർ എന്നെ ഓർമ്മിപ്പിച്ചിരുന്നു.

“എത്ര വയസ്സായി?” വൃദ്ധ വിശദങ്ങളിലേക്കു കടന്നു.

“ഇരുപത്തഞ്ച്.” ഞാൻ പറഞ്ഞു.

“ബോംബേലു പോയിട്ടുണ്ടോ?”–വൃദ്ധ.

“ഇല്ല, കേരളത്തിനു പുറത്ത് ഞങ്ങൾ പോയിട്ടില്ല.” സുൽഫിക്കറാണ് മറുപടി പറഞ്ഞത്.

“ഇതിനുമുൻപ്?” വൃദ്ധ നേരിയ പുഞ്ചിരിയോടെയാണ് അതു ചോദിച്ചത്.

“ഇല്ലില്ല.” സംഭ്രമിക്കാതെ ഞാൻ പറഞ്ഞു.

“പേര്?” വൃദ്ധ സുൽഫിക്കറിന്റെ കണ്ണുകളിലേക്കു രൂക്ഷമായി നോക്കിയാണ് അങ്ങനെ ചോദിച്ചത്.

“സുൽഫിക്കർ.” അവൻ പറഞ്ഞു.

വൃദ്ധയുടെ മുഖം സന്ദേഹംകൊണ്ടു നിറയുന്നതുപോലെ എനിക്കു തോന്നി.

“ബോംബേല്...?”

ചോദ്യമവസാനിക്കുംമുൻപ് സുൽഫിക്കർ മറുപടി പറഞ്ഞു:

“ഇല്ല. ഞങ്ങൾ രണ്ടുപേരും...”

മറുപടി അവസാനിക്കുംമുൻപ് വൃദ്ധ അടുത്ത ചോദ്യത്തിലേക്കു കടന്നു.

ഒടുവിൽ സുൽഫിക്കറെ നോക്കി അവർ പറഞ്ഞു:

“നീ അവിടെ ചെന്നിരിക്ക്.” പിന്നെ എന്നെ നോക്കി വൃദ്ധ തുടർന്നു: “നീ എനിക്കൊപ്പം വരൂ.”

വൃദ്ധ എണീറ്റു നടന്നു. പിന്നാലെ ഞാനും. അതിനിടെ സുൽഫിക്കർ പോക്കറ്റിൽനിന്നും ശിവൻ പറഞ്ഞിരുന്ന രൂപ എണ്ണി വൃദ്ധയ്ക്കു നൽകി.

അകലെ വിമാനത്താവളത്തിലേക്കുള്ള വഴിയിലൂടെ ഭാരം വഹിച്ചുകൊണ്ടുള്ള ലോറികൾ പാഞ്ഞുപോകുന്ന ശബ്ദം ഇവിടെ കേൾക്കാം. വൃദ്ധ എന്നെയും കൂട്ടി നിരവധി വാതിലുകൾ പിന്നീട് ഒരു മുറിയിലേക്കു കടന്നു. ഒരു നിമിഷം അസ്വാഭിവികമായ ഒരു ശബ്ദമുയർത്തിയശേഷം അവർ പുറത്തേക്കു നടന്നു.

“സുൽഫിക്കർ?”

ഞാൻ, വൃദ്ധ പോയ വശത്തേക്കു തിരിഞ്ഞു ചോദിച്ചു.

അവർ തിരിഞ്ഞുനിന്നു. അവരുടെ മുഖത്ത് എന്തെന്നില്ലാത്ത കോപം വന്നുനിറഞ്ഞു. പരുഷമായി വൃദ്ധ പറഞ്ഞു: “നീ നിന്റെ കാര്യം നോക്ക്.”

മറുത്തൊന്നും പറയാതെ ഞാൻ നിൽക്കെ ഇളം നീല നൈറ്റ് ഗൗൺ ധരിച്ച ഒരു സ്ത്രീ വന്ന് വാതിലടച്ചു. അവൾ

എനിക്കെതിരെ വന്നപ്പോൾ അല്പംമുന്നേ കാറിൽനിന്നിറങ്ങുന്ന സ്ത്രീയിൽനിന്ന് അനുഭവിച്ച ഗന്ധം മുറിയാകെ പടർന്നു.

അവൾ എന്റെ കൈവിരലുകളിൽ തൊട്ടു. പിന്നെ നിഷ്കളങ്കത തോന്നിക്കുന്ന ഭാവത്തിൽ എന്നെ ക്ഷണിച്ചു: "വരൂ." അവൾ എനിക്കു മുൻപിൽ നടന്നു. ജനൽച്ചെരുവിലായിരുന്ന പൂക്കളുടെ ചിത്രങ്ങൾ നിറഞ്ഞ വിരിപ്പുള്ള കിടക്ക. അവൾ കിടക്കയിലിരുന്നു. അവളുടെ സമൃദ്ധമായ മുടിയിൽ തലോടിക്കിടക്കേ ജാവരിയൊച്ച ഞങ്ങളെ അലോസരപ്പെടുത്തി. അവൾ ജാലകം പിടിച്ചടച്ചു. പിന്നെ അവളുടെ ചുണ്ടുകൾ എന്റെ നെഞ്ചിലൂടെ സഞ്ചരിക്കുന്നത് ഹൃദ്യതയോടെ ഞാനറിഞ്ഞു. എന്റെ കണ്ണുകൾ മയക്കം നിറഞ്ഞു. അവളുടെ സ്പർശോഷ്മാവിൽ എന്റെ ഞരമ്പുകൾ ഉണർന്നുവന്നു. അതിനിടെ ഞാൻ അവളോടു ചോദിച്ചു. "നിന്റെ പേര്?"

"എലീന." അവൾ ആസക്തമായി സ്വരത്തിൽ പറഞ്ഞു.

പിന്നെന്തെങ്കിലും ചോദിക്കും മുമ്പേ് അവളുടെ ചുണ്ടുകൾ എന്റെ ചുണ്ടുകളിലേക്ക് വന്നുതൊട്ടു. അവളുടെ വിരലുകൾ അളവറ്റ വേഗതയിൽ എന്റെ പിൻപുറമാകെ ക്ഷതമേല്പിക്കും പോലെ മുറുകി.

പുറത്തു മഴ പെയ്യുന്നു. കാറ്റും കൊള്ളിയാനും നിറഞ്ഞ രാത്രിയിലേക്ക് ഞാനാണ് ജാലകം ആദ്യം തുറന്നത്. അപ്പോൾ എനിക്കരികെ കിടന്ന് എലീന മയങ്ങിയിരുന്നു. ആകാശം നിറയെ ചിതറിയ ഒരു കൊള്ളിയാൻ എന്റെ കാഴ്ചയിൽ നിറഞ്ഞു. എന്തെന്നില്ലാത്ത ഒരു കിതപ്പൊടെ ഞാൻ കിടക്കയിൽ നിന്നും എണീറ്റു. നിലക്കണ്ണാടിയുടെ

മുന്നിലെത്തി. വസ്ത്രം വല്ലാതെ ചുളുങ്ങിയിരുന്നു. മുറിവിട്ടിറങ്ങി വൃദ്ധ കൂട്ടിക്കൊണ്ടുവന്ന വാതിലുകൾ ഒന്നൊന്നായി പിന്നിട്ട് ഞാൻ മുൻവാതിലിലൂടെ പുറത്തെത്തി. അകമുറികളിലെവിടെയോനിന്ന് സാന്ദ്രമായ സംഗീതധാര.

പുറത്ത് ഇരുട്ടായിരുന്നു. ഞാൻ സ്വിച്ചിൽ വിരലമർത്തി. സ്തോഭത്തോടെ സുൽഫിക്കർ പിടഞ്ഞെണീറ്റു. അവനു പിന്നാലെ എന്തോ പിറുപിറുത്തുകൊണ്ട് വൃദ്ധയും. സുൽഫിക്കർ നിശബ്ദനായി പുറംവാതിലിലേക്കു നടന്നു. അവനു പിന്നാലെ ഞാനും. അപ്പോഴും വൃദ്ധ എന്തോക്കെയോ പുലമ്പിക്കൊണ്ടിരുന്നു.

ഞങ്ങൾ നഗരത്തിലെത്തി. രക്തസാക്ഷിമണ്ഡപത്തിനരികെയുള്ള തട്ടുകടയ്ക്കടുത്തേക്ക് പരസ്പരം മിണ്ടാതെ. നടന്നു. "സമയമറിയാനൊരു വഴിയുമില്ലല്ലോ!" ഞാൻ പറഞ്ഞു.

സുൽഫിക്കർ യൂണിവേഴ്സിറ്റിക്കുമേലുള്ള ഘടികാരത്തിലേക്കു നോക്കിയിട്ടു പറഞ്ഞു. "ഒരു മണിയാകുന്നു." അതു കേട്ടാണ് മയക്കത്തിലായിരുന്ന തട്ടുകടക്കാരൻ ഞെട്ടിയെണീറ്റത്. അയാൾ ഞങ്ങളെ തുറിച്ചുനോക്കി. "എന്തുവേണം?" അയാൾ ചോദിച്ചു. "കട്ടൻ." സുൽഫിക്കറാണ് മറുപടി പറഞ്ഞത്. "ഇല്ല." അയാൾ ഉറക്കം കെടുത്തിയ അസംതൃപ്തിയോടെ പറഞ്ഞു. ഞങ്ങൾ തിരിച്ചുനടക്കാൻ തുടങ്ങുമ്പോൾ അയാൾ ചോദിച്ചു. "ദോശ വേണമെങ്കി തരാം." "വേണ്ട." ഞാനും സുൽഫിക്കറും ഒരേപോലെയാണ് മറുപടി പറഞ്ഞത്.

ഞങ്ങൾക്ക് വിശപ്പുതോന്നിയില്ല. പക്ഷേ,

എന്തെന്നില്ലാത്ത ദാഹം. ദാഹമായിരുന്നിരിക്കണം ഞങ്ങളെ ആ തട്ടുകടയ്ക്കടുത്തേക്കു നയിച്ചത്.

ഹോസ്റ്റലിലേക്കുള്ള വഴിക്കിടതുവശത്തായി എന്തൊക്കെയോ അതിവേഗത്തിലും അവ്യക്തതയിലും സംസാരിക്കുന്ന ഒരഭയാർത്ഥിക്കൂട്ടം. രാവേറിയിട്ടും അവർ ഉറങ്ങിയിട്ടില്ല. ഇടയ്ക്ക് ചില കുട്ടികൾ മാത്രം ഏങ്കോണിച്ചും ചുരുണ്ടുമുറങ്ങുന്നു. അൽപമകലെ തെരുവുവിളക്കിന്റെ വെളിച്ചത്തിലിരുന്നു ചീട്ടുകളിക്കുന്ന പുരുഷന്മാർ.

ഞങ്ങൾ തെല്ലുനേരം അഭയാർത്ഥികളുടെ അച്ചടക്കരഹിതമായ രാത്രിയിലേക്കു നോക്കിനിന്നു. ഒറ്റപ്പെട്ട ഒരു മെല്ലിച്ച കുട്ടി രാത്രിവഴിയിലേക്കു നോക്കിയിരുന്നു. അവന്റെ ശോഷിച്ച ശരീരത്തിലൂടെ വാഹനവെളിച്ചം പാളി കടന്നുപോയി. അതിനിടെ സുൽഫിക്കർ പതുക്കെ പറഞ്ഞു.:
"അവിഹിതസന്തതിയാവും അവൻ." മറുപടിയൊന്നും പറയാതെ ഞാൻ ആ കുട്ടിയെത്തന്നെ നോക്കിനിന്നു. അവൻ ക്ഷീണിതനായി കൊട്ടാവായിട്ടു. ഭയപ്പാടോടെ ഞാൻ ആ കാഴ്ച കണ്ടു. അവന്റെ പല്ലുകൽ കനലായ് മാറുന്നതായും നാവിൻതുമ്പിൽനിന്നും തീ പടരുന്നതായും എനിക്കു തോന്നി. "വാ, പോകാം" ഞാൻ സുൽഫിക്കറെ വിളിച്ചു. അവൻ എനിക്കു പിന്നാലെ നടക്കുന്ന ശബ്ദം മാത്രമേ അപ്പോൾ കേൾക്കാമായിരുന്നുള്ളൂ. ഇടയ്ക്ക് വിശുദ്ധയായ കന്യാമറിയത്തിന്റെ പ്രാർത്ഥനാലയിതമായ രൂപത്തിലേക്ക് ഞാൻ തിരിഞ്ഞുനോക്കി.

ഹോസ്റ്റലിന്റെ ഇടനാഴിയിൽ ഭീതിദമായ ഇരുട്ടായിരുന്നു. ഞങ്ങൾ പടവുകൾ കയറി ഇടനാഴിയിലെത്തി.

മുന്നൂറ്റപ്പത്തൊൻപതാം നമ്പർ മുറി തുറന്ന് അകത്തേക്കു കയറി. തൊട്ടടുത്ത മറികളെല്ലാം നിശ്ശബ്ദമായിരുന്നു. കറന്റില്ല. ഞാൻ മെഴുതിരി കൊളുത്തി ജനൽപ്പടിയിലി വച്ചു.

സുൽഫിക്കർ വസ്ത്രം മാറാതെ കിടക്കയിൽ ചെന്നിരുന്നു. ഞാൻ മുഖം കഴുകി തിരിച്ചെത്തുമ്പോൾ അവൻ കിടന്നു കഴിഞ്ഞിരുന്നു. മനസ്സ് അടങ്ങുന്ന ലക്ഷണമില്ല. ചുമരലമാരയിൽനിന്നും ബൈബിളെടുത്ത് മെഴുതിരി വെളിച്ചത്തിൽ ഞാൻ വായിക്കാൻ ശ്രമിച്ചു. നടക്കുന്നില്ല. കാഴ്ച വാക്കുകളിലുറയ്ക്കുന്നില്ല. മെഴുതിരിയുമെടുത്ത് അൽപനേരം കണ്ണാടിയിലേക്കു നോക്കിനിന്നു. ആദ്യം വിശ്വാസം വന്നില്ല. എന്റെ കണ്ണുകൾ അഗാധതയിൽനിന്നും എന്നെ മിഴിച്ചു നോക്കുകയായിരുന്നു. മുറിവിട്ടു പോകുമ്പോൾ കണ്ട മുഖമായിരുന്നില്ല കണ്ണാടിയിൽ.

(“പ്രണയത്തിന്റെ അപനിർമ്മാണം” എന്ന കഥാസമാഹാരത്തിൽ നിന്നെടുത്തത്.)

⋆ ⋆ ⋆

സി. അന്തൂപ്

ആലപ്പുഴയിൽ ജനനം. എം.ടി. സെമിനാരി സ്കൂൾ, കോട്ടയം, കേരള സർവകലാശാല കാര്യവട്ടം കാമ്പസ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മാദ്ധ്യമപ്രവർത്തകനായി തുടങ്ങി. കലാകൗമുദി (1991–1998), മംഗളം (1999), കൈരളി (2000–2005), ജനയുഗം (2007) എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. അച്ഛവിന്റെ അമ്മ എന്നീ ചിത്രങ്ങളിൽ സഹസംവിധായകനായി പ്രവർത്തിച്ചിട്ടുണ്ട്.

കൃതികൾ

വിശുദ്ധയുദ്ധം (നോവൽ)
പ്രണയത്തിന്റെ അപനിർമ്മാണം (ചെറുകഥ)
പരകായ പ്രവേശം (ചെറുകഥ)
നെപ്പോളിയന്റെ പൂച്ച (ചെറുകഥ)
ഇഎംഎസും ദൈവവും (ചെറുകഥ)

പുരസ്കാരങ്ങൾ

പി പത്മരാജൻ അവാർഡ്, ചലച്ചിത്രനിരൂപണം, 2002
അങ്കണം സാഹിത്യ അവാർഡ്, 2004
അറ്റ്ലസ്-കൈരളി അവാർഡ്, ചെറുകഥ, 2006
അറ്റ്ലസ്-കൈരളി അവാർഡ്, നോവൽ, 2007

വിലാസം

MF 4-201, ബ്ലോക് AI, പ്രശാന്ത് നഗർ, പടിഞ്ഞാറെ കോട്ട, തിരുവനന്തപുരം